# ശുചിത്വമിഷൻ

**തദ്ദേശസ്വയം ഭരണവകുപ്പ്**
**കേരളസർക്കാർ**

നമ്പർ. 287/B/2021/SM

തീയതി: 06.02.2021

പ്രേഷിതൻ

ഡയറക്ടർ (ഓപ്പറേഷൻസ്)

സ്വീകർത്താവ്

എല്ലാ ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്റർമാർക്കും

സർ,

വിഷയം:- ശുചിത്വമിഷൻ - വിവിധ ജില്ലാ ശുചിത്വമിഷനുകളിൽ അസിസ്റ്റൻറ് ജില്ലാ കോ-ഓർഡിനേറ്റർ തസ്തികകളിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം - സംബന്ധിച്ച്

വിവിധ ജില്ലാ ശുചിത്വമിഷനുകളിൽ അസിസ്റ്റൻറ് കോ-ഓർഡിനേറ്റർ (ഐ ഇ സി), അസിസ്റ്റൻറ് കോ-ഓർഡിനേറ്റർ (എസ് ഡബ്ല്യൂ എം) തസ്തികകളിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള കുറിപ്പ് ഇതോടൊപ്പം അയക്കുന്നു. ആയത് താങ്കളുടെ ജില്ലയിലെ എല്ലാ സർക്കാർ ഓഫീസുകളിലും അയച്ചുകൊടുക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

Philip P D *
ഡയറക്ടർ (ഓപ്പറേഷൻസ്)

* This is a computer system (Digital File) generated letter. Hence there is no need for a physical signature.

സ്വരാജ് ഭവൻ, ബെയ്സ്മെന്റ് ഫ്ളോർ -1, നന്തൻകോട്, കവടിയാർ. പി.ഒ.., തിരുവനന്തപുരം 695 003
ഫോൺ: 0471 — 2316730, 2319831 ഫാക്സ് :2312730; ഇ.മെയിൽ :sanitation.sm@kerala.gov.in

**വിവിധ ജില്ലാശുചിത്വമിഷൻ ഓഫീസുകളിൽ അസിസ്റ്റൻറ് ജില്ലാ കോ-ഓർഡിനേറ്റർ തസ്തികയിൽ ഡെപ്യൂട്ടേഷൻ നിയമനം**

തദ്ദേശസ്വയംഭരണ വകുപ്പിൻറെ കീഴിലുള്ള ജില്ലാ ശുചിത്വമിഷനുകളിൽ അസിസ്റ്റൻറ് ജില്ലാ കോ-ഓർഡിനേറ്റർ തസ്തികകളിലേക്ക് സംസ്ഥാന സർക്കാരിൻറെ വിവിധ വകുപ്പുകളിൽ നിന്നും ശുചിത്വമിഷൻ പ്രവർത്തനങ്ങളിൽ താത്പര്യമുള്ള ജീവനക്കാരിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിനായി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

പത്തനംതിട്ട, ഇടുക്കി, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ അസിസ്റ്റൻറ് ജില്ലാ കോ-ഓർഡിനേറ്റർ (ഐ.ഇ.സി) ടെ ഓരോ ഒഴിവിലേക്കും പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ അസിസ്റ്റൻറ് ജില്ലാ കോ-ഓർഡിനേറ്റർ (സോളിഡ് വേസ്റ്റ് മാനേജ്മെൻറ്) ൻറെ ഓരോ ഒഴിവിലേക്കുമാണ് അപേക്ഷ ക്ഷണിക്കുന്നത്. അസിസ്റ്റൻറ് ജില്ലാ കോ-ഓർഡിനേറ്റർ (സോളിഡ് വേസ്റ്റ് മാനേജ്മെൻറ്) ആയി അപേക്ഷിക്കുന്നവർ 30,700 - 65,400 ശമ്പള സ്കെയിലിൽ സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലിചെയ്യുന്നവരും സയൻസ് ബിരുദധാരികളോ, സിവിൽ എഞ്ചിനീയറിംങ് ഡിപ്ലോമ / ബിരുദധാരികളോ ആയിരിക്കണം. അസിസ്റ്റൻറ് കോ-ഓർഡിനേറ്റർ (ഐ ഇ സി) തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ 27,800 - 59,400 എന്ന ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്നവരും, വിവര വിജ്ഞാന വ്യാപന പ്രവർത്തന മേഖലയിൽ താത്പര്യമുള്ളവരുമായിരിക്കണം.

താല്പര്യമുള്ള അപേക്ഷകർ കെ.എസ്.ആർ പാർട്ട്(1) റൂൾ 144 പ്രകാരമുള്ള അപേക്ഷ, നിലവിലെ വകുപ്പ് മേധാവിയുടെ നിരാക്ഷേപ പത്രം, സഹിതം **16/02/2021 വൈകുന്നേരം 5.00 ന് മുമ്പായി എക്സിക്യൂട്ടീവ് ഡയറക്ടർ, സംസ്ഥാന ശുചിത്വമിഷൻ, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ, തിരുവനന്തപുരം - 695003** എന്ന വിലാസത്തിൽ ലഭ്യമാകും വിധം നേരിട്ടോ, തപാലിലോ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ **www.sanitation.kerala.gov.in** . എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

Director (Operations)

# BIO DATA

| | | |
|---|---|---|
| 1. | Name of the present Dept/Institution to which deputation is desired | : |
| 2. | District to which request is being made | : |
| 3. | Category of post to which the request is being made | : |
| 4. | Name (in block letters) | : |
| 5. | Present designation and office address | : |
| | Permanent (Residential Address) | : |
| 6. | Date of birth | |
| 7. | Qualifications | : |
| | (a) General<br>(b) Special if any | : |
| 8. | Date of entry into regular service | : |
| 9. | Experience | : |
| 10. | Email address | : |
| 11. | Phone No. (Office) | : |
| 12. | Mobile No. | : |
| 13. | Pay and scale of pay | : |

Place :
Date :

Signature of Applicant

**ജില്ലാശുചിത്വമിഷൻ ഓഫീസുകളിൽ അസിസ്റ്റൻറ് കോ-ഓർഡിനേറ്റർ (ഐഇസി), അസിസ്റ്റൻറ് കോ-ഓർഡിനേറ്റർ (എസ്ഡബ്ല്യൂഎം) തസ്തികയിൽ ഡെപ്യൂട്ടേഷൻ നിയമനം**

തദ്ദേശസ്വയംഭരണ വകുപ്പിൻറെ കീഴിലുള്ള ജില്ലാ ശുചിത്വമിഷനുകളിൽ അസിസ്റ്റൻറ് ജില്ലാ കോ-ഓർഡിനേറ്റർ തസ്തികകളിലേക്ക് സംസ്ഥാന സർക്കാരിൻറെ വിവിധ വകുപ്പുകളിൽ നിന്നും ശുചിത്വമിഷൻ പ്രവർത്തനങ്ങളിൽ താത്പര്യമുള്ള ജീവനക്കാരിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിനായി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി **16/02/2021** വിശദവിവരങ്ങൾ **www.sanitation.kerala.gov.in** എന്ന വെബ്സൈറ്റിൽ എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

Director (Operations)

* This is a computer system (Digital File) generated letter. Hence there is no need for a physical signature.

'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ശുചിത്വമിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി), അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം) എന്നിവയുടെ 14 വീതം തസ്തികൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്

സ.ഉ.(കൈ) നം.72/2019/ത.സ്വ.ഭ.വ തിയതി,തിരുവനന്തപുരം, 23/06/2019

---

പരാമർശം:- ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.06.2018, 17.12.2018 തിയ്യതികളിലെ 1782/ബി/2016/എസ്.എം. നം. കത്തുകൾ.

<u>ഉത്തരവ്</u>

ശുചിത്വ മിഷന്റെ കീഴിലുള്ള മാലിന്യ സംസ്കരണ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ജില്ലാ മിഷൻ ഓഫീസുകളിൽ ആവശ്യമായ ജീവനക്കാരുടെ കുറവ് പ്രതികൂലമായി ബാധിക്കുന്നുവെന്നും, ഹരിത കേരള മിഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്ന ഈ ഘട്ടത്തിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ മാരുടെ 28 തസ്തികകൾ (ഐ.ഇ.സി- 14 , എസ്.ഡബ്ല്യൂ.എം-14) സൃഷ്ടിക്കണമെന്നും അംഗീകൃത തസ്തികയല്ലാത്ത അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ തസ്തികകളിൽ ഇതുവരെ നടത്തിവന്ന അന്യത്ര സേവന നിയമനങ്ങൾക്ക് സാധൂകരണവും ആയതിന് മുൻകാലപ്രാബല്യവും നൽകണമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശ കത്തുകൾ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ശുചിത്വ മിഷനിൽ <u>27,800- 59,400 രൂപ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) ന്റെ 14 തസ്തികകളും</u>, <u>30,700- 65,400 രൂപാ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം) ന്റെ 14 തസ്തികകളും</u> സൃഷ്ടിച്ചുകൊണ്ടും ടി തസ്തികകളിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു. അതോടൊപ്പം ശുചിത്വ മിഷനിൽ തസ്തിക സൃഷ്ടിച്ചിട്ടില്ലാതിരുന്ന അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) തസ്തികയിലും അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം) തസ്തികയിലും അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകിയിരുന്ന നടപടി സാധൂകരിച്ചും ആയത് അന്യത്ര സേവന നിയമനമായി കണക്കാക്കി ക്രമീകരിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.കെ.ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ.&.പി.ആർ.ഡി

ധനകാര്യ (ഡെവ.) വകുപ്പ് ( ഡെവ-1/256/2018-ഹിൻ പ്രകാരം)

പൊതുഭരണ (എസ്.സി.)വകുപ്പ് ( 19/06/2019 ലെ ഇനം നം. 3103)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ